**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1476** **07-10-2021 - ൽ മറുപടിയ്ക്ക്**

**മിച്ചഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മിച്ചഭൂമി ഏറ്റെടുക്കൽ നടപടികൾ സത്വരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമം, വകുപ്പ് 82 പ്രകാരം വ്യക്തികൾക്കും കുടുംബത്തിനും കമ്പനികൾക്കും കൈവശം വയ്ക്കാവുന്ന ഭൂമിയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. ഈ പിരധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചവർക്കെതിരെ മിച്ചഭൂമി കേസ് രജിസ്റ്റർ ചെയ്ത് മിച്ചഭൂമിയുണ്ടെങ്കിൽ ആയത് എത്രയെന്ന് ഉത്തരവാക്കാനുള്ള അധികാരം താലൂക്ക് ലാൻഡ് ബോർഡുകൾക്കാണുള്ളത്. ഇത്തരത്തിൽ മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ടവ സർക്കാരിലേക്ക് ഏറ്റെടുക്കാറുണ്ട്. എന്നാൽ കോടതി തർക്കമുള്ള ഭൂമികൾ, വിൽപ്പന നടത്തി പോയ ഭൂമികൾ, ഭൂരഹിതർ കുടിയേറി താമസിക്കുന്ന ഭൂമികൾ എന്നിവ സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. |
| (ബി) | ലാന്റ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ ഏതു തരത്തിൽ പരിഹരിക്കും എന്നത് വിശദീകരിക്കാമോ; | (ബി) | താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തന പുരോഗതി അവലോകനം മന്ത്രിതലത്തിലും (സർക്കാർ) സ്റ്റേറ്റ് ലാൻഡ് ബോർഡ് തലത്തിലും നടത്തിവരുന്നു. ഓരോ താലൂക്ക് ലാൻഡ് ബോർഡിനും കേസ് തീർപ്പാക്കുന്നതിന്റെ ടാർജറ്റും സമയക്രമവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ താലൂക്ക് ലാൻഡ് ബോർഡുകൾക്കും ഇതര ജീവനക്കാർക്കും ഇതുമായി ബന്ധപ്പെട്ട് പരിശീലനവും നടത്തിവരുന്നു. സംസ്ഥാനത്തെ ലാന്റ് ബോർഡുകളെ നാല് സോണുകളായി തിരിച്ച് ഓരോ സോണിന്റേയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർക്ക് നൽകി അടിയന്തിരമായി കേസുകൾ തീർപ്പാക്കാൻ കഴിയുമോ എന്ന കാര്യവും പരിശോധിക്കുന്നുണ്ട്. |
| (സി) | മിച്ചഭൂമി സംബന്ധിച്ച പുതിയ കേസുകൾ സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ | (സി) | ഒരു വ്യക്തിക്കും കുടുംബത്തിനും പരിധിയിൽ കൂടുതൽ ഭൂമിയുണ്ടോ എന്ന് നിയമാനുസൃതമായി പരിശോധിക്കുന്നത് താലൂക്ക് ലാൻഡ് |

| | | | |
|---|---|---|---|
| | ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | | ബോർഡുകളാണ്. വില്ലേജ് റിക്കാർഡുകൾ പ്രകാരം ഒരു കുടുംബത്തിന് 12 ഏക്കറിൽ കൂടുതലുള്ളവരുടെ വിവരം റവന്യൂ ഉദ്യോഗസ്ഥർ താലൂക്ക് ലാൻഡ് ബോർഡിലേക്ക് നിലവിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ആധാർ അധിഷ്ഠിത യൂണിഫൈഡ് തണ്ടപ്പേർ നമ്പർ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇത് സജ്ജമായാൽ ഭൂപരിധി പൂർണ്ണമായി നടപ്പിലാക്കാൻ കഴിയും. |
| (ഡി) | അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ഒരു വ്യക്തിക്കോ കുടുംബത്തിനോ മിച്ചഭൂമിയുണ്ടോയെന്ന് പ്രഖ്യാപിക്കാൻ താലൂക്ക് ലാൻഡ് ബോർഡിന് മാത്രമേ അധികാരമുള്ളൂ. അത്തരത്തിൽ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന മുഴുവൻ ഭൂമിയും ഏറ്റെടുത്ത് ഭൂരഹിതരായ കർഷകതൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ